സ്ഥാപനങ്ങളുടെ പുനരുദ്ധാരണം സാദ്ധ്യമാകാത്ത സാഹചര്യത്തിൽ അവയുടെ ലിക്വിഡേഷൻ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇവയുടെ സ്ഥലവും കെട്ടിടങ്ങളും മറ്റ് ആസ്തികളും വ്യാവസായിക വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുവാൻ കെൽട്രോൺ, കിൻഫ്രാ, കെ.എസ്.ഐ.ഇ., കെ.എസ്.ഐ.ഡി.സി., ഹാൻവീവ് എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങൾ

197 (582) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയാണെന്നും; അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ലാഭത്തിൽ പ്രവൃത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടത്തിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവൃത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15 സാമ്പത്തിക വർഷം ലാഭത്തിൽ പ്രവൃത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി & ഡി) നഷ്ടത്തിൽ പ്രവൃത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പുരോഗതി ലക്ഷ്യമിടുന്ന പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏകദേശം 880 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി സർക്കാർ ഇതിനകം തന്നെ പൊളളമേഖലാ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ

198 (583) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തിയിട്ടുണ്ടോ; അവയെ സംരക്ഷിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി വിലയിരുത്തി അവയെ സംരക്ഷിക്കുന്നതിനുള്ള ഒട്ടേറെ ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ നൽകുന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും കൈത്തറി നെയ്ത്തുകാരുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി. കൈത്തറി മേഖലയിലെ സ്വയം തൊഴിൽ പദ്ധതി പ്രകാരം പുതിയ നെയ്ത്ത് തൊഴിലാളികളെ ഈ മേഖലയിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനും സബ്സിഡികൾ നൽകിവരുന്നു. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയും കഴിവതും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായമായ വിലയ്ക്ക് യഥാസമയം ലഭിക്കുന്നതിനായി യാൺ ബാങ്കുകൾ പ്രവൃത്തിപ്പിക്കുകയും ചെയ്തുവരുന്നു. ഈ നടപടികളുടെ ഫലമായി കൈത്തറി മേഖലയിൽ ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും ഉൽപ്പാദനം വർദ്ധിക്കുകയും ഉൽപ്പന്നങ്ങൾക്കുള്ള ഡിമാന്റ് വർദ്ധിക്കുകയും വിപണി വളരെയധികം വർദ്ധിപ്പിക്കുവാൻ കഴിയുകയും ചെയ്തിട്ടുണ്ട്.

പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസിക്ക് രൂപം നൽകുകയും കശുമാവ് കൃഷി

LIBRARY ARCHIVES Kerala Legislative Assembly